■ *മാറ്റൊലി*

**ഇഹ്സാൻ**

# മായാവതി ഉറക്കെപ്പറഞ്ഞ ആ സംശയം

**ഹൈദറാബാദിലെ** സ്ഫോടനങ്ങൾക്കു പിന്നിൽ പ്രവർത്തിച്ചതും പോലീസിന്റെ  കണ്ടെത്തലനുസരിച്ച് 'ഇസ്‌ലാമിക ഭീകരർ' തന്നെയാണ്. പുതിയ ഒരുത്തന്റെ പേരും പോലീസ് പുറത്തുവിട്ടു; ശാഹിദ് ബിലാൽ. കൊടും ഭീകരൻ. ജയ്ശെ മുഹമ്മദിന്റെ ക്യാമ്പിൽ പോയി പരിശീലനം നേടിയവൻ. സംഝോതാ എക്സ്പ്രസ്സിന് ബോംബ്‌വെച്ചവൻ. മാലേഗാവ് സ്ഫോടനവും വിളഞ്ഞത് ഇതേ ബിലാലിന്റെ ബുദ്ധിയിൽ. കഴിഞ്ഞ രണ്ടു വർഷമായി ഇയാൾ പാകിസ്താനിലെ കറാച്ചിയിലാണെന്നും ഇന്ത്യ വിട്ടുതരാൻ ആവശ്യപ്പെട്ടവരുടെ പട്ടികയിൽ ഈ ബിലാലിന്റെ പേരുണ്ടെന്നും ഹൈദറാബാദിലെ പോലീസ് കമീഷണറദ്ദേഹം വിശദീകരിച്ചിട്ടുണ്ട്. മോഡിയെ കൊല്ലാൻ ശ്രമിച്ചവരുടെ പട്ടികയിൽ ബിലാൽ ഉണ്ടായിരുന്നതായി അഹ്മദാബാദിൽനിന്ന് വിശദീകരണക്കുറിപ്പ് ഇതേവരെ പുറത്തിറങ്ങിയിട്ടില്ല. അതേസമയം *ദ ഹിന്ദു* ദിനപത്രത്തിൽ ഹിന്ദുത്വക്കാരുടെ പേനയുന്തിയായ ഒരു ലേഖകൻ (ഇയാൾ ഇന്ത്യയിലെ ഏറ്റവും 'അറിയപ്പെടുന്ന' ക്രൈം റിപ്പോർട്ടർ കൂടിയാണ്) ബിലാലിന്റെ ഗുജറാത്ത് ബന്ധങ്ങളെ കുറിച്ച് വിസ്തരിച്ച് ഉപന്യാസമെഴുതിയിരുന്നു. ഹർകത്തുൽ അൻസാർ ആണ് ബിലാലിന്റെ സംഘടനയെന്ന് ഒരു പത്രം. ജയ്ശെ മുഹമ്മദാണെന്ന് വേറൊരു പത്രം. ലശ്കറെ ത്വയ്യിബയാണെന്ന് പറഞ്ഞുവെച്ചവരുമുണ്ട്. അമേരിക്കൻ പ്രസിഡന്റ് ക്ലിന്റൻ ഉസാമയുടെ കാര്യത്തിൽ ചെയ്തതുപോലെ ഇന്ത്യക്കാർക്ക് 'വളർത്തിക്കൊണ്ടുവരാൻ' പറ്റിയ ഉരുപ്പടിയാണെന്നാണ് അക്കമിട്ട് പറയുന്ന ലക്ഷണങ്ങൾ കേട്ടിട്ട് തോന്നുന്നത്.

പക്ഷേ ഇതെല്ലാം കേട്ട് സഹികെട്ട ബിലാലിന്റെ പാവംപിടിച്ച പിതാവ് ഒടുക്കം ഒരു വാർത്താസമ്മേളനം തന്നെ വിളിച്ചു. താനും മറ്റ് കുടുംബക്കാരും എല്ലാ വെള്ളിയാഴ്ചയും നമസ്കാരത്തിനെത്തുന്ന മക്കാ മസ്ജിദിൽ മകൻ ഒരിക്കലും ബോംബ് വെക്കില്ലെന്നാണ് അദ്ദേഹം ചൂണ്ടിക്കാട്ടിയത്. പോലീസിന്റെ വിടുവായത്തത്തേക്കാൾ വലിയ ശരിയും ഇതുതന്നെയല്ലേ? ശാഹിദ് ബിലാൽ ജനിച്ചുവളർന്നത് ഹൈദറാബാദിലാണ്. അവന്റെറ പിതാവും സുഹൃത്തുക്കളും ബന്ധുജനങ്ങളുമുള്ളത് ഹൈദറാബാദിലാണ്. കുടുംബവഴക്കിനെ തുടർന്നാണ് ഇയാൾ നാടുവിട്ട് പോയതെന്ന പുതിയ സിദ്ധാന്തം പോലീസ് കൊണ്ടുവരാത്തേടത്തോളം സ്വന്തം പിതാവിനെ ബോംബ്‌വെച്ച് കൊല്ലേണ്ട കാര്യം എന്താണ്? എന്നല്ല കഴിഞ്ഞ രണ്ടു വർഷമായി ശാഹിദ് ബിലാൽ മറ്റെവിടെയുമല്ല, പോലീസിന്റെ കസ്റ്റഡിയിൽ തന്നെയാണ് കഴിയുന്നതെന്ന് തനിക്ക് സംശയമുണ്ടെന്നും ഇദ്ദേഹം പറഞ്ഞു. ഹൈദറാബാദിൽ ഗണേശ പൂജയുമായി ബന്ധപ്പെട്ട തർക്കത്തിൽ നടുറോഡിൽ പന്തൽ കെട്ടിയതിനെ എതിർത്തതിനാണ് പോലീസ് ഇയാളെ കൊണ്ടുപോയതെന്നും പിന്നീട് താൻ കണ്ടിട്ടില്ലെന്നുമാണ്  പിതാവ് അറിയിക്കുന്നത്. ഏതുസമയത്തും ബിലാലിനെ പോലീസ് എറ്റുമുട്ടലിൽ കൊന്നുകളയുമെന്ന ഭയം തനിക്കുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഊതിപ്പെരുപ്പിച്ച ശാഹിദ് ബിലാലിന്റെ ദയനീയമായ മറുവശമാണിത്! ഏതോ അടിപിടി കേസിൽ പോലീസ് പിടിച്ച് അകത്താക്കിയ ഒരുത്തൻ. കോഴി കൂട്ടിലുണ്ടെന്ന് ഉറപ്പുള്ളതു കൊണ്ട് എന്തും പറയാൻ ധൈര്യം കാണിക്കുന്ന പോലീസുകാർ. അദ്വാനിയുടെ കാലം തൊട്ട് പോലീസ് നടത്തുന്ന ഏറ്റവും വൃത്തികെട്ട നാടകമാണ് ഹൈദറാബാദിലും ആവർത്തിച്ചത്. ബോംബുവെച്ചവർ ആരെന്നും അവരുടെ ലക്ഷ്യം എന്താണെന്നും അന്വേഷിക്കുന്നതിനു പകരം കുറ്റം അന്യരാജ്യത്തെ ഏതോ ലക്ഷണംകെട്ടവന്മാരുടെ തലയിൽ കെട്ടിവെച്ച് സ്വന്തം രാജ്യത്ത് ഉന്മാദമുണ്ടാക്കുന്ന പണി. ഭീകരന്റെ റേഷൻകാർഡ് പാകിസ്താനിലായാൽ ഒരു നിവൃത്തിയുമില്ല, മറ്റെവിടെയായാലും പിടികൂടി നിയമത്തിന്റെ മുന്നിൽ ഹാജരാക്കാൻ കഴിയുമായിരുന്നു എന്നാണ് ഈ വിടുവായത്തം കേട്ടാൽ തോന്നുക. ടെലിവിഷൻ ക്യാമറ കണ്ടാൽ പോക്കറ്റിലെ ചീർപ്പു തപ്പുന്ന ഏതെങ്കിലുമൊരു പോലീസ് ഉദ്യോഗസ്ഥൻ സ്വന്തം മനസ്സിന്റെ വിഷം ഇന്ത്യക്കാർക്കു വിളമ്പിക്കൊടുക്കും. അതോടെ സ്ഫോടനത്തിന്റെ അന്വേഷണവും അവസാനിച്ച മട്ടായി. ലശ്കറെ ത്വയ്യിബയുമായാണ് സ്ഫോടനത്തിന്റെ പൊക്കിൾക്കൊടി ബന്ധമെന്ന് വരുത്തിത്തീർത്തതിനു ശേഷം ദൽഹിയിലെ ബസാറുകളിലെയോ മുംബൈ ട്രെയ്നുകളിലെയോ മാലേഗാവിലെയോ സംഝോതാ എക്സ്പ്രസ്സിലെയോ സ്ഫോടനങ്ങളെ കുറിച്ച് പിൽക്കാലത്ത് നമ്മൾ ഒരക്ഷരം പോലും കേൾക്കേണ്ടിവന്നിട്ടില്ല എന്നത് ശ്രദ്ധിക്കുക. ഏതു തെമ്മാടിക്കും ബോംബോ വെടിമരുന്നോ കൊണ്ടുവെച്ച് എത്രപേരെ വേണമെങ്കിലും കൊല്ലാം, പോലീസ് അന്വേഷിക്കുക പോലുമില്ല എന്നതായിരിക്കുന്നു ഇപ്പോഴത്തെ അവസ്ഥ. അല്ലെങ്കിൽ പറയട്ടെ, അദ്വാനി ആഭ്യന്തര മന്ത്രിയായതിനു ശേഷം ആരംഭിച്ച ഈ ദുരൂഹ സ്ഫോടനങ്ങളിൽ ഒന്നെങ്കിലും ഇന്നേവരെ പോലീസിന് തെളിയിക്കാൻ കഴിഞ്ഞോ?

ഏറ്റവുമൊടുവിൽ ഗോരഖ്പൂരിലും പൊട്ടി ബോംബുകൾ. ഫൈസാബാദ് റെയിൽവേ സ്റ്റേഷനിൽനിന്ന് 10 കിലോ വെടിമരുന്ന് അർധരാത്രിയിൽ പോലീസിന് കണ്ടെടുക്കാനുമായി. എന്തൊരു ജാഗ്രതയെന്ന് നമ്മൾ സമ്മതിച്ചേ പറ്റൂ. ഉറക്കമിളച്ചല്ലേ പോലീസ് ബോംബ് തപ്പുന്നത്! ജാതിയനുസരിച്ച് ഒറ്റനോട്ടത്തിൽ ഇത് ഇസ്‌ലാമിക ബോംബാണോ എന്ന കാര്യം പോലീസിന് വ്യക്തമായിട്ടില്ല. വാർത്താലേഖകർ ആവർത്തിച്ചു ചോദിച്ചിട്ടും ഇതാദ്യമായി ലശ്കറിന്റെ പേരു പറയാൻ പോലീസ് തയാറായില്ല. മായാവതിയുടെ സർക്കാർ അധികാരത്തിൽ വന്നതുകൊണ്ട് ബോംബിന്റെ ജാതിയും മതവും തീരുമാനിക്കാൻ പോലീസുകാർക്ക് പഴയതുപോലെ ധൈര്യമില്ലാഞ്ഞിട്ടാണോ അതല്ല പൊട്ടലിന് വീര്യം കുറഞ്ഞതു കൊണ്ടാണോ ഇതെന്ന് വ്യക്തമല്ല. പക്ഷേ ഇത്രയും കാലം ഒരാളും പറയാതിരുന്ന ആ സത്യം മായാവതി വിളിച്ചുപറഞ്ഞു; ബി.ജെ.പിയും എസ്.പിയും ചേർന്ന് സംസ്ഥാനത്ത് വർഗീയ കലാപം നടത്താൻ ശ്രമിക്കുകയാണെന്ന്. ഇന്ത്യൻ ബോംബ് സ്ഫോടനങ്ങളുടെ ചരിത്രത്തിലെ ശ്രദ്ധേയമായ വഴിത്തിരിവാണിത്. ഇന്ത്യയിലെ രാഷ്ട്രീയക്കാരാണ് ഇത്രയും കാലം ബോംബുകൾ തീറ്റിപ്പോറ്റിയതെന്ന് പകൽവെളിച്ചം പോലെ വ്യക്തമായിട്ടും ഒരിക്കൽപോലും സ്ഫോടനങ്ങളെ രാഷ്ട്രീയ താൽപര്യങ്ങളുമായി ചേർത്തുവായിക്കാൻ ഒരു ഭരണാധികാരിയും ഇന്ത്യയിൽ ധൈര്യം കാണിച്ചിരുന്നില്ല. സ്ഫോടനങ്ങളെ കുറിച്ച് വർഷങ്ങളായി ജനങ്ങളുടെ മനസ്സിലുള്ള ആ സംശയം  മായാവതിയാണ് ഇതാദ്യമായി ഉറക്കെപ്പറഞ്ഞത്.

ഗോരഖ്പൂരിലെ ബോംബ് സ്ഫോടനങ്ങൾക്കു പിന്നിൽ തീർച്ചയായും രാഷ്ട്രീയക്കാരന്റെ കരങ്ങൾ ഉണ്ടാവാതിരിക്കാൻ തരമില്ല. ഇതുപോലൊരു വൃത്തികെട്ട വർഗീയ അന്തരീക്ഷമുള്ള നഗരം ഉത്തരേന്ത്യയിൽ മറ്റൊരിടത്തുമില്ല. മുസ്‌ലിമിന്റെ ഹോട്ടലിൽനിന്ന് റോഡിലേക്ക് വെള്ളമൊലിച്ചാൽ പോലും യോഗി ആദിത്യനാഥിന്റെ ഹിന്ദു യുവവാഹിനി പ്രവർത്തകർ വന്ന് കടയുടമയെ വലിച്ചിറക്കി നടുറോഡിലിട്ട് അടിച്ചൊതുക്കുന്ന നഗരമാണിത്. ഹിന്ദു പെൺകുട്ടിയെ ഏതെങ്കിലും മുസ്‌ലിം യുവാവ് തറപ്പിച്ചൊന്ന് നോക്കിയെന്ന പരാതി മതി, നഗരത്തിൽ വർഗീയ കലാപമുണ്ടാവാൻ. വർഗീയ കലാപമുണ്ടാക്കാൻ ഹിന്ദു യുവവാഹിനി പ്രവർത്തകർ കാരണം തെരഞ്ഞു നടക്കുന്ന ഈ നഗരത്തിൽ സാമാന്യ ബുദ്ധിയുള്ള ഒരുത്തനും ബോംബ് വെക്കാൻ മെനക്കെടില്ലെന്ന് നൂറുതരം. കുഴപ്പം ആഗ്രഹിക്കുന്നവർ ആരെന്നതിന് കഴിഞ്ഞ അഞ്ചു വർഷത്തെ നഗര ചരിത്രം സാക്ഷിയാണെങ്കിലും 'രാജ്യസ്നേഹികളായ ഹിന്ദുത്വക്കാരെ' കുറിച്ച് അദ്വാനി എഴുതിയിട്ടേച്ചുപോയ ആ സിദ്ധാന്തം തെറ്റിക്കാനുള്ള ധൈര്യം ഒരു പോലീസുകാരനും ഉണ്ടായിട്ടില്ല. മായാവതിക്കെങ്കിലും ഈ കാപട്യം പൊളിച്ചെറിയാൻ ധൈര്യമുണ്ടാവുമോ? കാത്തിരുന്നു കാണുക. ■